"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് നയിച്ച പദയാത്രയുടെ ഭാഗമായിട്ടുള്ള പൊതുസമ്മേളനം കണ്ണൂർ കളക്ടറേറ്റ് മൈതാനത്ത് വച്ച് നടത്തുന്നതിനായി വാടക ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2684/2024/RD തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:-
1. 07.08.2017-ലെ സ.ഉ (സാധാ) നം. 102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.05.2024 തീയതിയിലെ LR/3907/2024-LR(J9) നമ്പർ കത്ത്

**ഉത്തരവ്**

ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് നയിച്ച പദയാത്രയുടെ ഭാഗമായി 29/01/2024-ന് പൊതുസമ്മേളനം നടത്തുന്നതിലേക്കായി കണ്ണൂർ കളക്ടറേറ്റ് മൈതാനം വാടകയ്ക്ക് അനുവദിയ്ക്കുകയും പ്രതിദിന വാടകയായി 18,970/-രൂപ കണ്ണൂർ വില്ലേജോഫീസിൽ അടവാക്കിയിരുന്നതും എന്നാൽ പ്രസ്തുത സ്ഥലത്ത് നിശ്ചയിച്ചിരുന്ന പൊതുസമ്മേളനം ടൗൺ സ്ക്വയറിലേക്ക് മാറ്റുകയുമുണ്ടായി. ആയതിനാൽ വാടകയായി അടവാക്കിയ 18,970/-രൂപ തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് ബിജെപി കണ്ണൂർ ജില്ലാ പ്രസിഡന്റ് കത്ത് നൽകിയിട്ടുള്ളതായി കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 35 പ്രകാരം സർക്കാറിലേക്ക് ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് ജില്ലാ കളക്ടറുടെ കത്തും മറ്റ് അനുബന്ധ രേഖകളും സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരമാർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് നയിച്ച പദയാത്രയുടെ ഭാഗമായിട്ടുള്ള പൊതുസമ്മേളനം 29/01/2024-ന് കണ്ണൂർ കളക്ടറേറ്റ് മൈതാനത്ത് വച്ച് നടത്തുന്നതിനായി വാടക ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ 18,970/- രൂപ(പതിനെണ്ണായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം), പരാമർശം 1-ലെ സർക്കാർ ഉത്തരവിലെ ഇനം നം.34-ലെ വ്യവസ്ഥകൾക്ക് വിധേയമായി, റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.10.2024-ലെ വ്യയം-ഡി1/296/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 11-11-2024 15:13:58